18926
24/11/16

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ ഓപ്പൺ സ്കൂൾ/കോളേജ്, വിദൂര വിദ്യാഭ്യാസം എന്നീ സംവിധാനങ്ങളിലൂടെ കോഴ്സുകൾ ചെയ്തു വരുന്ന അംഗ പരിമിതരായ/ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി -തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

സാമൂഹ്യ നീതി (എ) വകുപ്പ്

സ. ഉ (സാധാ) നം.520 /16/സാ.നീ.വ. തീയതി, തിരുവനന്തപുരം, 11/11/2016.

---

പരാമർശം :- 1) സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 31/08/2016 ലെ H2/30319/16 നമ്പർ കത്ത്.

2) 05/10/2016-ലെ സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

## ഉത്തരവ്

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ ഓപ്പൺ സ്കൂൾ/കോളേജ് വിദൂര വിദ്യാഭ്യാസം എന്നീ സംവിധാനങ്ങളിലൂടെ നിരവധി കോഴ്സുകൾ ചെയ്തു വരുന്ന അംഗ പരിമിതരായ/ഭിന്നശേഷിക്കാരായ നിരവധിപേർ ഉണ്ടെന്നും ഇത്തരത്തിൽ ഡിഗ്രി തലത്തിലും അതിനു മുകളിലും വിദ്യാഭ്യാസം ചെയ്യുന്ന ഭിന്നശേഷിക്കാരായ ഒരു കുട്ടിക്ക് പരമാവധി ₹10,000/- (പതിനായിരം രൂപ മാത്രം) എന്ന നിരക്കിൽ ഒരു ജില്ലയിൽ 15 കുട്ടികൾക്ക് വീതം 14 ജില്ലകളിലായി ഒരു വർഷം 210 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതിക്കായി ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നും ടി പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം 21 ലക്ഷം രൂപ ആവശ്യമാണെന്നും ഈ തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-60-200-83 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) 05/10/2016-ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഈ ശുപാർശക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ ഓപ്പൺ സ്കൂൾ/കോളേജ് വിദൂര വിദ്യാഭ്യാസം എന്നിവ വഴി പഠനം നടത്തുന്ന ഡിഗ്രി തലത്തിലോ അതിനു മുകളിലോ പഠിക്കുന്ന ഒരു കുട്ടിക്ക് പരമാവധി ₹10,000/-(പതിനായിരം രൂപ മാത്രം) എന്ന നിരക്കിൽ ഒരു ജില്ലയിൽ 15 കുട്ടികൾക്ക്

വീതം 14 ജില്ലകളിലായി 210 കുട്ടികൾക്ക് 2016-17 സാമ്പത്തിക വർഷം സ്കോളർഷിപ്പ് നല്കുന്നതിന് ₹ 21,00,000/- (ഇരുപത്തിയൊന്ന് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-83 (P)ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എ ഷാജഹാൻ
സെക്രട്ടറി

സാമൂഹ്യ നീതി ഡയറക്ടർ , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളാ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളാ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി സെൽ), കേരളാ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ